വാഴും ഞാനെൻ രക്ഷിതാവിൻ കൂടെയെപ്പോഴും

തൻ കൃപയിലാശ്രയിക്കും എല്ലാ നാളും ഞാൻ

പാടും എന്നും ഞാൻ എൻറെ പ്രിയനെ –2

വാഴും...

എൻറെ പ്രിയൻ വാനിൽ നിന്നെഴുന്നള്ളീടുന്ന

മാറ്റൊലി ഞാൻ കേട്ടീടുന്നു നാട്ടിലെങ്ങുമെ

ക്ഷാമം ഭൂകമ്പം അതിനാരംഭം –2

വാഴും...

ക്ഷാമത്താലീ ക്ഷോണി എങ്ങും ക്ഷീണ

മാകുമ്പോൾ

എനിക്കെത്തിടാത്ത നിക്ഷേപമുണ്ടെൻറെ പ്രിയനിൽ

എന്നെ പോറ്റിടും എൻറെ രക്ഷകൻ –2

വാഴും...

ഇന്നലെക്കാളിന്നു ഞാനെൻ പ്രിയൻ നാടിനോ–

ടേറ്റം അടുത്തായതെനിക്കെത്രയാനന്ദം

എൻറെ പ്രിയനെ ഒന്നു കാണുവാൻ –2

വാഴും...

ഈ വാരിധിയിൽ വൻ തിരയിൽ തള്ളലേറ്റു ഞാൻ

മുങ്ങിടാതെ പ്രിയനെൻറെ ബോട്ടിലുണ്ടല്ലോ

ഗാനം പാടിയെൻ നാട്ടിലെത്തുമെ –2

വാഴും...

എൻ രക്ഷിതാവേ നിൻ വരവു കാത്തു കാത്തു

ഞാൻ

ഈ ദുഷ്ടലോകെ കഷ്ടതകൾ എത്ര ഏൽക്കണം

നിന്നെ കാണുമ്പോൾ എൻ ദുഃഖം തീർന്നു പോം –2

വാഴും...2

പാടും എന്നും...2.,

വാഴും....1

————————————————————————————————————————————————————————————

vaazhum njaanen rakshithaavin  kooteyeppozhum

than krpayilaasrayikkum ellaa naalum njaan

paatum  ennum njaan ente priyane -2

vaazhum...

ente priyan vaanil  ninnezhunnalleetunna

maatoli njaan ketteetunnu naattilengngume

kshaamam bhookampam athinaarambham -2

vaazhum...

kshaamaththaalee kshoni engngum ksheena maakumpol

enikkeththitaaththa nikshepamuntente priyanil

enne potitum ente rakshakan -2

vaazhum...

innalekkaalinnu njaanen  priyan naatino-

tetam atuththaayathenikkethrayaanandam

ente priyane onnu kaanuvaan -2

vaazhum...

ee vaaridhiyil van thirayil thallaletu njaan

mungngitaathe priyanente bottiluntallo

gaanam paatiyen naattileththume -2

vaazhum...

en rakshithaave nin varavu kaaththu kaaththu njaan

ee dushtaloke kashtathakal ethra elkkanam

ninne kaanumpol en duhkham theernnu pom -2

vaazhum...2

paatum  ennum...2., vaazhum....1